# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ദുക്റാന

2024
ജൂലൈ 03




# മാർഗ്ഗം: കളിയും കാര്യവും മറക്കാതിരിക്കാം

**ഉത്പ 2:8 – 17; സുഭാ 4:10 – 18; എഫേ 2:19 – 22; യോഹ 20:24 – 29**

കടലായിരുന്നു മാർഗ്ഗം; കരയായിരുന്നു ലക്ഷ്യം; കരയുന്നവരുടെ കരങ്ങൾ പാർശ്വത്തോടു ചേർക്കാനായിരുന്നു വരവ്. ഗലീലിയായിൽ നിന്നും ഇന്ത്യൻ കരയിലെത്തിയവൻ സുവിശേഷപ്രഘോഷണത്തിന്റെ വഴികളിലൂടെ കാതങ്ങൾ സഞ്ചരിച്ചു. ചിന്നമലയും, പെരിയ മലയും ഗാഗുൽത്തായുടെ മറുമലകളായി മാറി. തുറമുഖത്തെത്തിയവൻ ഗുഹാ മുഖത്ത് ശൂലത്താൽ വീണു. “അവനോടൊപ്പം മരിക്കാം” എന്നത് പാഴ്‌വാക്കായിരുന്നില്ല; അർഥപൂർണമായ ആത്മപ്രേരണയായിരുന്നു. അതെ, മാർതോമ്മായുടെ 1950 വർഷത്തെ പൈതൃകം നസ്രാണികളുടെ അഭിമാനമാണ്. കാണാതെ വിശ്വസിക്കുന്ന ‘ഭാഗ്യവാന്മാർ’ മാർഗ്ഗം മറക്കുന്ന ഭൗർഭാഗ്യകരമായ സാഹചര്യങ്ങൾ കണ്ടിട്ട് അവിശ്വസനീയമായി തോന്നുമ്പോൾ ദുക്റാന വിശുദ്ധീകരണത്തിന്റെ ചിന്തകളിലൂടെ നമ്മെ നയിക്കേണ്ടതാണ്.

## വഴിയറിയാം അവിടേക്കു പോകാം

വഴി നിങ്ങൾക്കറിയുമോ? ഇത്തരം ഒരു ചോദ്യം ഗുരു ചോദിച്ചാൽ ശിഷ്യർക്ക് ഉത്തരത്തിന് രണ്ടു ഓപ്ഷൻ ഉണ്ട്. “അറിയാം -അറിയില്ല.” എന്നാൽ വഴി നിങ്ങൾക്കറിയാം (യോഹ14 :4) എന്നത് ഉറച്ച പ്രസ്താവനയാണ്. ശിഷ്യരിലുള്ള വിശ്വാസത്തിന്റെ അടയാളമാണത്. ഒരു വ്യക്തതക്ക് മറുചോദ്യം ചോദിക്കാൻ ആരും ധൈര്യപ്പെടാത്ത സാഹ ചര്യത്തിൽ തോമസ് കപടതയില്ലാത്ത ചോദ്യത്തിലൂടെ വഴി അറിയില്ല എന്നത് സൂചിപ്പിക്കുന്നു. ‘വഴി, സത്യം, ജീവൻ’ ഇവ മൂന്നും ഒറ്റ വാക്യത്തിൽ പ്രഖ്യാപിച്ച് (യോഹ14:6) സർവ്വ ചോദ്യങ്ങൾക്കും



ഡോ. റോസ് ഫിലിപ്പ്

ഉത്തരമായി മാറുന്ന അവിസ്മരണീയ മുഹൂർത്തത്തിന് ശിഷ്യർ സാക്ഷികളാകുന്നു. ആ വഴിയും സത്യവും ജീവനും പങ്കുവയ്ക്കാൻ ഒരുവൻ എത്തിയതിനാൽ മാത്രമാണ്, ലോകത്തിൽ വി. തോമാശ്ലീഹായുടെ നാമത്തിൽ അറിയപ്പെടുന്ന ഒരേയൊരു ക്രൈസ്തവ സമൂഹമായി നാം ഉയർന്നത്. പുതിയ വഴികളും, കുറുക്കു വഴികളും, ഓവർ ബ്രിഡ്ജുകളും താൽക്കാലികലാഭങ്ങൾ നൽകിയേക്കാം. വൈദേശികർക്ക് വാണിജ്യമാർഗ്ഗം തുറന്ന കൊടുങ്ങല്ലൂരിൽ എത്തിയ തോമാശ്ലീഹാ വഴി, സത്യം, ജീവൻ എന്നിവയുടെ വ്യവഹാരമേഖലയിലായിരുന്നു. ലാഭം കൊയ്യുന്ന വാണിജ്യമാർഗ്ഗങ്ങൾ അദ്ദേഹം സ്വീകരിച്ചില്ല. അതെ, വഴി നമുക്കറിയാം. മറക്കാതിരിക്കുക, വഴി മാറാതിരിക്കുക എന്നതാണ് ദുക്റാന നമ്മെ ഓർമ്മിപ്പിക്കുന്നത്.

## നമുക്കും അവനോടൊപ്പം പോയി ജീവിക്കാം

ബഥാനിയായിലേക്ക് പോകാൻ ആഗ്രഹിക്കുന്ന യേശുവിനെ ശിഷ്യർ വിലക്കുന്നത് യഹൂദർ ആക്രമിക്കുമോ എന്ന ഭയത്താലാണ്. 'അവനോടൊപ്പം പോയി മരിക്കാം' (യോഹ11.16) എന്ന ധീരത പ്രകടിപ്പിക്കുന്ന തോമസ് കർത്താവിനൊപ്പമാണെന്ന് പ്രഖ്യാപിക്കുന്നു. അവനോടൊപ്പം ജീവിക്കുന്നവൻ അവനോടൊപ്പം മരിക്കുമ്പോഴാണ് ഉറ്റസ്നേഹിതനായി മാറുന്നത്. സ്നേഹിതനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് പഠിപ്പിച്ചവൻ സ്വന്തം ജീവനു ഭീഷണി ഉണ്ടെങ്കിലും, ലാസർ എന്ന സഹോദരനെ മരണത്തിൽ നിന്നും തിരിച്ചുവിളിക്കാൻ ഏതു വെല്ലുവിളിയും സ്വീകരിക്കാൻ തയ്യാറായിരുന്നു. അവന് ലക്ഷ്യവും മാർഗ്ഗവും ഒന്നായിരുന്നു. നിത്യ ജീവനിലേക്ക് മാർഗ്ഗം തെളിക്കാൻ തോമസ് സ്വീകരിച്ച ബഥാനിയ ആയിരുന്നു ഭാരതം. 'അവനോടൊപ്പം' ജീവിക്കാൻ മാർഗ്ഗം തെളിച്ച ശ്ലീഹായുടെ മാർഗ്ഗം മറക്കാതിരിക്കുക എന്നതാണ് ദുക്റാനയുടെ ഓർമ്മ പ്പെടുത്തൽ.




## കർത്താവും ദൈവവും - എന്റെ അവകാശം

അവനെ കണ്ടേ ഞാൻ വിശ്വസിക്കൂ എന്ന തോമായുടെ നിർബ്ബന്ധം മൂലമാണ് 'ഡൗട്ടിംഗ് തോമാ' എന്ന വിശേഷണത്തിൽ ശിഷ്യൻ പെട്ടത്. കേട്ടതിൽ വിശ്വാസം തോന്നാത്തതാണോ- അതോ കണ്ടതിൽ വിശ്വാസം വരാത്തതാണോ- ഏതാണ് അവിശ്വാസത്തിന്റെ സ്കെയിലിലെ ഉയർന്ന അളവ്? കൺമുമ്പിൽ കണ്ട യേശുവിനെ തോട്ടക്കാരനായി വിചാരിച്ച മഗ്ദലന, റബ്ബോനി എന്ന വിളിയിലെത്തിയത് സംശയം മാറിയപ്പോൾ മാത്രമല്ലേ? ഉത്ഥിതൻ ശിഷ്യർക്കു പ്രത്യക്ഷനായി 'നിങ്ങൾക്കു സമാധാനം' എന്നാശംസിച്ചപ്പോൾ അവർ ഭയന്നു വിറച്ചത് എത്രയോ വലിയ അവിശ്വാസത്താലാണ്! സമാധാനം ആശംസിച്ചിട്ടും, വെറുമൊരു ഭൂതം എന്നല്ലേ അവർ കരുതിയത്! സ്പർശിച്ചു നോക്കാൻ അവൻ പറഞ്ഞില്ലേ? കൂടുതൽ വിശ്വസിപ്പിക്കാൻ വറുത്തമീൻ കഴിച്ചു കാണിച്ചില്ലേ? ഇത്രയധികം hands-on experience അവൻ ശിഷ്യർക്ക് നൽകിയാണ് വിശ്വാസം ഉറപ്പിച്ചത്. ഈ അനുഭവം തോമസിനും അവകാശപ്പെട്ടതല്ലേ? അതു കിട്ടിയേ ഞാൻ വിശ്വസിക്കൂ എന്നു തുറന്നു പറയാൻ കപടതയില്ലാത്ത ധീരത തോമസിനുണ്ടായിരുന്നു. എന്റെ കർത്താവേ, എന്റെ ദൈവമേ എന്നൊരു അവകാശം രേഖപ്പെടുത്തൽ -"എന്റെ" എന്ന ഏറ്റുപറച്ചിൽ മറ്റാരും നടത്തിയില്ലല്ലോ! വിശ്വാസിയുടെ സുകൃതജപമാണ് 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്നത്. ആണിപ്പഴുതുകളുള്ള കൈകളും മുറിവേറ്റ പാർശ്വങ്ങളും കണ്ട് അന്നു തോമസ് നടത്തിയ പ്രത്യാശ നിറഞ്ഞ പ്രതികരണം ഇന്നു നമ്മെ ശക്തിപ്പെടുത്തേണ്ടത് ഭീഷണികൾ ഉയരുമ്പോഴാണ്. നമ്മെ മുറിവേൽപ്പിക്കാൻ ഉയരുന്ന കൈകൾ നാം കാണുന്നു. പാർശ്വം ചേർക്കാരുമില്ല- പാർശ്വ വൽക്കരണത്തിന്റെ ഭീതി നാം അനുഭവിക്കുന്നു. വെല്ലുവിളികൾക്കു മുമ്പിൽ എന്റെ കർത്താവേ എന്റെ ദൈവമേ എന്നതാണ് മാർഗ്ഗം എന്ന ഓർമ്മപ്പെടുത്തലാണ് ദുക്റാന.

## മാർഗ്ഗം നിരപ്പാക്കാം, ഒന്നായി മുന്നേറാം

അഭിമാനകരമായ നമ്മുടെ പൈതൃകം കോട്ടം തട്ടാതെ മുന്നോട്ടു നീങ്ങണമെങ്കിൽ സഭക്കും വേണം ചില 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' - sustainable development goals. മാർഗ്ഗത്തിൽ വിള്ളലുകളും, ഗർത്തങ്ങളും, അപായ സൂചികകളുമുണ്ടെങ്കിൽ നവീകരണം അനിവാര്യമല്ലേ? മാർത്തോമാ സ്ഥാപിച്ച പള്ളികൾ പെയിന്റു മാറ്റിയും, തീർഥാടനകേന്ദ്രമാക്കി മാറ്റിയും നാം കാലാനുസൃതപരിഷ്കരണങ്ങൾ നടത്തുമ്പോൾ മാർഗ്ഗം കൂടി പ്രഭാപൂർണ്ണമാക്കേണ്ടതാണ്. എങ്കിൽ മാർഗ്ഗം കളിയും, റമ്പാൻപാട്ടും, പാണൻപാട്ടും, കലാരൂപങ്ങളായി പൈതൃകം ഘോഷിക്കുകതന്നെ ചെയ്യും. തോമാശ്ലീഹാ സ്ഥാപിച്ച സപ്തസമൂഹങ്ങൾ ഭിന്നതയാൽ സ്തബ്ധസമൂഹമായി മാറാതിരിക്കണമെങ്കിൽ അവനോടൊപ്പമായിരിക്കാൻ നമ്മളും ഒന്നായി നീങ്ങണം. വഴി നമുക്കറിയാം. വർദ്ധിത അറിവുകൾ നമ്മുടെ മാർഗ്ഗം മാറ്റാതിരിക്കട്ടെ.


▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com